**പതിനാലാം കേരള നിയമസഭ**
**പതിനേഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 23 — 02.03.2020 - ൽ മറുപടിയ്ക്ക്

**വയോജനങ്ങൾക്കുള്ള ആരോഗ്യ പരിരക്ഷാ പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.നൗഷാദ്<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.വി.അബ്ദുറഹിമാൻ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | അറുപത്തിയഞ്ച് വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് ആരോഗ്യ പരിരക്ഷയും പിന്തുണയും നൽകുന്നതിന് അതതു പ്രദേശത്തെ തദ്ദേശ ഭരണ സ്ഥാപനവുമായി ചേർന്ന് വയോമിത്രം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്.<br>സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരർക്ക് ആരോഗ്യ പരിരക്ഷയും, മാനസിക ഉല്ലാസവും അവരുടെ സ്ഥലങ്ങളിൽ തന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോട് കൂടി 2011-ൽ "വയോമിത്രം" പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. ആദ്യഘട്ടമായി കൊല്ലം, തിരുവനന്തപുരം, കോർപ്പറേഷനുകളിൽ ആരംഭിച്ച പദ്ധതി ഇപ്പോൾ 85 മുനിസിപ്പാലിറ്റികളും 6 കോർപ്പറേഷനുകളും ഉൾപ്പെടെ സംസ്ഥാനത്തെ 91 നഗരസഭാ പ്രദേശത്തും 3 റൂറൽ ബ്ലോക്കിലും വളരെ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി വാർഡ് തലത്തിൽ ക്ലിനിക്കുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്.<br>വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷയ്ക്കുവേണ്ടി ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിൽ 1 മുതൽ 2 വരെ വാർഡുകൾ കേന്ദ്രീകരിച്ച് പൊതുസ്ഥലങ്ങളിൽ (അംഗൻവാടികൾ, ലൈബ്രറികൾ |

| | | | |
|---|---|---|---|
| | | | മുതലായവ) വയോജനങ്ങൾക്ക് സൗകര്യ പ്രദമായ രീതിയിൽ ക്ലിനിക്കുകൾ നടത്തി വരുന്നുണ്ട്. മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, ജെ.പി.എച്ച്.എൻ എന്നിവർ അടങ്ങുന്ന ടീം ഇവർക്ക് ആവശ്യമായ മരുന്നുകൾ സഹിതം മുൻകൂർ നിശ്ചയിച്ച പ്രസ്തുത ക്യാമ്പുകളിൽ എത്തുകയും അവരെ പരിശോധിച്ച് വേണ്ട വൈദ്യസഹായം നൽകുകയും ചെയ്തുവരുന്നു. |
| (സി) | കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം നൽകുന്നതിന് പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നറിയിക്കാമോ; | (സി) | കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം നൽകുന്നതിലേയ്ക്കുവേണ്ടി വയോമിത്രത്തിനു കീഴിൽ ഒരു സ്റ്റാഫ് നഴ്സ്, ജെ.പി.എച്ച്.എൻ. എന്നിവർ അടങ്ങുന്ന ടീം നിലവിൽ പത്തനംതിട്ട, തൊടുപുഴ, കല്പറ്റ നഗരസഭകളിൽ പ്രവർത്തിച്ചു വരുന്നു. ഇവർ നഗരസഭയ്ക്കു കീഴിൽ സാന്ത്വന പരിചരണം ആവശ്യമുള്ളവർക്ക് വേണ്ട സേവനം സമയബന്ധിതമായി എത്തിച്ചു നല്കുന്നു. |
| (ഡി) | മുതിർന്നവർക്ക് ആയുർവേദ ചികിത്സ ലഭ്യമാക്കുന്നതിനായി ആയുർമിത്രം എന്ന പേരിൽ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ആയുർമിത്രം പദ്ധതി ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**